# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 11 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

### അയ്യായിരം പേർക്ക്  ഭക്ഷണമൊരുക്കി ദേവസ്വം മെസ്സ്

സന്നിധാനത്ത് സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് രുചിയും വൃത്തിയുമുള്ള  ഭക്ഷണമൊരുക്കുകയാണ് ദേവസ്വം മെസ്സിലെ ജീവനക്കാർ. മുന്നൂറോളം പേർക്ക് ഒരേസമയം ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള സൗകര്യം മെസ്സിലുണ്ട്. എല്ലാ ദിവസവും മൂവായിരത്തോളം പേർ നേരിട്ട് വന്ന് ഭക്ഷണം കഴിക്കുന്നു. 2000 പേർക്ക് പാഴ്സലായും ഭക്ഷണം എത്തിക്കുന്നുണ്ട്. ഒരു സ്പെഷ്യൽ ഓഫീസറും അസി. സ്പെഷ്യൽ ഓഫീസറും 42 ദേവസ്വം ജീവനക്കാരുമാണ് മെസ്സിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പാചകമടക്കമുള്ള മറ്റ് ജോലികൾക്കായി 42 പേർ വേറെയുമുണ്ട്.

വ്യത്യസ്തമായ വിഭവങ്ങളാണ് ഓരോ ദിവസവും മാറി മാറി നൽകുന്നത്. പ്രാതലിന്.  ഉപ്പുമാവ്, ഇഡലി, ദോശ, ചപ്പാത്തി എന്നിവയുണ്ട്. ഗ്രീൻപീസ്, കടലക്കറി, കിഴങ്ങുകറി, ഇഡലിയ്ക്ക് ചമ്മന്തി എന്നിവയാണ് കറികൾ. ഉച്ചയൂണിന് സാമ്പാർ, രസം, പുളിശ്ശേരി, മോര് എന്നിവ ഒഴിച്ചുകൂട്ടാൻ കൊടുക്കുന്നു. തീയലോ അവിയലോ ഓരോദിവസവും മാറി മാറി വിളമ്പും. വിവിധതരം തോരൻ, മെഴുക്കുപുരട്ടി തുടങ്ങിയ ഏതെങ്കിലും ഒരു വിഭവമുണ്ടാകും. നാരങ്ങ, മാങ്ങ, നെല്ലിയ്ക്ക എന്നിവയിൽ ഏതെങ്കിലും ഉപയോഗിച്ചുള്ള അച്ചാറും നിർബന്ധമാണ്. രാത്രി കഞ്ഞിയും പയറുതോരനുമാണ്. വറ്റൽമുള

കും തക്കാളിക്കറിയും കപ്പയുമൊക്കെ  ഉള്‍പ്പെടുത്താറുണ്ട്.

പ്ലേറ്റിനു ഗ്ലാസിനും അനുഭവപ്പെടുന്ന ക്ഷാമം പലപ്പോഴും അസൗകര്യമുണ്ടാക്കുന്നുണ്ടെന്ന് സ്‌പെഷ്യല്‍ ഓഫീസര്‍ കെ. ജയകുമാര്‍ പറഞ്ഞു. ഇത്തവണ 600 പ്ലേറ്റും 860 ഗ്ലാസും വാങ്ങിച്ചിട്ടുണ്ട്. പലരും ഗ്ലാസും പ്ലേറ്റും മുറികളിലേക്ക് കൊണ്ടുപോകുന്നുണ്ടെന്നും ഈ പ്രവണത അവസാനിപ്പിക്കണമെന്നും അദ്ദേഹം അഭ്യര്‍ഥിച്ചു.

(പി.ആര്‍. ശബരി-156)

## സമാധാനപരമായ മണ്ഡലകാലം: രമേശ് ചെന്നിത്തല

ഏറെ സമാധാനപരമായ ഒരു മണ്ഡലകാലമാണ് ഇത്തവണത്തേതെന്നും ഒരു ഭക്തനെന്ന നിലയില്‍ തനിക്കതില്‍ വളരെ സന്തോഷമുണ്ടെന്നും  പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല.  പുണ്യം പൂങ്കാവനം പദ്ധതിയുടെ ഭാഗമായി സന്നിധാനത്ത് ശുചീകരണത്തില്‍ പങ്കെടുത്ത ശേഷം  മാധ്യമപ്രവര്‍ത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.
പുണ്യം പൂങ്കാവനം മികച്ച മാതൃകയാണെന്ന് അദ്ദേഹം പറഞ്ഞു. പ്ലാസ്റ്റിക് ഉപയോഗം കുറഞ്ഞിട്ടുണ്ട്.  പ്ലാസ്റ്റിക്കിനെതിരെ അയ്യപ്പഭക്തരില്‍ കൂടുതല്‍ അവബോധം വളര്‍ത്തിയെടുക്കേണ്ടതുണ്ടെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.
ശബരിമലയുടെ പവിത്രത കാത്തുസൂക്ഷിക്കുകയും ഭക്തര്‍ക്ക് സൗകര്യങ്ങള്‍ ഒരുക്കിക്കൊടുക്കുകയും ചെയ്യുക എന്നതാണ് സര്‍ക്കാരിന്റെ ചുമതല. ശബരിമലയ്ക്കായി പ്രത്യേക നിയമം കൊണ്ടുവരുന്നകാര്യത്തില്‍ സര്‍വകക്ഷി യോഗം വിളിച്ചുചേര്‍ക്കണമെന്നും അദ്ദേഹം സര്‍ക്കാരിനോട് ആവശ്യപ്പെട്ടു. ശബരിമലയ്ക്കായി പ്രത്യേകം ബോര്‍ഡ് വരുകയാണെങ്കില്‍ അത് തിരുവിതാംകൂറിലെ മറ്റ് ക്ഷേത്രങ്ങളുടെ വരുമാനത്തെ ബാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

(പി.ആര്‍. ശബരി-157)

## വിവരമറിയിക്കാന്‍ കണ്‍ട്രോള്‍ റൂം

ശബരിമലയില്‍ പാമ്പുകളുടെയോ വന്യമൃഗങ്ങളുടെയോ ശല്യമുണ്ടായാല്‍ കണ്‍ട്രോള്‍ റൂമില്‍ വിവരമറിയിക്കണമെന്ന് വനംവകുപ്പ് അധികൃതര്‍ അറിയിച്ചു. സന്നിധാനം വലിയ നടപ്പന്തലിനടുത്ത് പെരിയാര്‍ ടൈഗര്‍ റിസര്‍വ് ഫോറസ്റ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ഇന്‍സ്‌പെക്ഷന്‍ ബംഗ്ലാവിന് സമീപമാണ് കണ്‍ട്രോള്‍ റൂം പ്രവര്‍ത്തിക്കുന്നത്.  04735-202077 എന്ന നമ്പരില്‍ വിളിക്കാം.

(പി.ആര്‍. ശബരി-158)

## ശബരിമല നാളത്തെ(12.12.19 )ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണിക്ക് തിരുനട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.20 ന് നെയ്യഭിഷേകം
3.30 ന് ഗണപതിഹോമം
3.20 മുതൽ ഉച്ചക്ക് 11.15 വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.50 ന് കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ഉച്ചപൂജ
തുടർന്ന് 1 മണിക്ക് നട അടയ്ക്കും.
4 മണി നട തുറക്കൽ
6.30ന് ദീപാരാധന
7 മണിക്ക് പുഷ്പാഭിഷേകം
9.30 ന് അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും.



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 11 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്–2


ഫോൺ : 04735–202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

പഴകിയ ഭക്ഷണം:  ഹോട്ടൽ അടപ്പിച്ചു

പഴകിയ ഭക്ഷണം കണ്ടെത്തിയ സാഹചര്യത്തിൽ സന്നിധാനത്ത് പ്രവർത്തിക്കുന്ന ഹോട്ടൽ അടപ്പിച്ചു. ഗസ്റ്റ് ഹൗസിന് സമീപം പ്രവർത്തിച്ചിരുന്ന ഹോട്ടലാണ് അടപ്പിച്ചത്.  ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരടങ്ങിയ സ്പെഷ്യൽ സ്ക്വാഡിന്റെ പരിശോധനയിലാണ് പഴകിയ ഭക്ഷണം കണ്ടെത്തിയത്. 50 പാക്കറ്റ് പഴകിയ ചപ്പാത്തി പിടിച്ചെടുത്തു. പഴകിയ മസാലയും കണ്ടെത്തി. വൃത്തിഹീനമായ സാഹചര്യത്തിലായിരുന്നു പാചകം. ജീവനക്കാർക്ക് ഹെൽത്ത് കാർഡില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. വരും ദിവസങ്ങളിൽ പരിശോധന തുടരുമെന്ന് അധികൃതർ അറിയിച്ചു.

(പി.ആർ. ശബരി–159)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.